പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2861

18.06.2019-ൽ മറുപടിക്ക്

## പാലങ്ങളുടെ ബലക്ഷമത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പാലങ്ങളുടെ ബലക്ഷമത സംബന്ധിച്ച പരിശോധന പൂർത്തിയായിട്ടുണ്ടോ; എത്ര പാലങ്ങൾ അപകടത്തിലാണ്; ബലപ്പെടുത്തേണ്ട പാലങ്ങൾ എത്രയുണ്ട്;വിശദമാക്കുമോ; | സംസ്ഥാനത്ത് പാലങ്ങളുടെ ആദ്യവട്ട ബലക്ഷമത പരിശോധന പൂർത്തീകരിച്ചു. അതനുസരിച്ച് 162 പാലങ്ങൾ പുതുക്കി പണിയേണ്ടവയും 208 പാലങ്ങൾക്ക് പുനരുദ്ധാരണമോ പുനർ നിർമ്മാണമോ ആവശ്യമായവയും ആണ്. 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തെത്തുടർന്നുള്ള പരിശോധന പ്രകാരം 54 പാലങ്ങൾ കൂടി പുനർ നിർമ്മിക്കേണ്ടതാണ്. |
| (ബി) കണ്ണൂർ ജില്ലയിൽ എതൊക്കെ പാലങ്ങളാണ് പുതുക്കിപ്പണിയുന്നതിനും ബലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളത്; കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിപ്പാലം ബലപ്പെടുത്തുന്നത് എപ്പോൾ പൂർത്തിയാക്കാൻ കഴിയും; വിശദമാക്കുമോ? | (ബി) കണ്ണൂർ ജില്ലയിൽ 26 പാലങ്ങൾ പുതുക്കി പണിയേണ്ടവയാണ്. (പുതുക്കി പണിയേണ്ട പാലങ്ങളിൽ ഇരിനാവ് പാലത്തിനും പഴയങ്ങാടി പാലത്തിനും ഭരണാനുമതി ലഭ്യമായി പ്രവൃത്തി നടന്നുവരുന്നു. മറ്റ് പാലങ്ങൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.) പരിശോധന പ്രകാരം 12 പാലങ്ങൾ ബലപ്പെടുത്തേണ്ടവയാണ്. 12 പാലങ്ങളിൽ കരിമ്പം, ചപ്പാരക്കടവ്, ഇരിക്കൂർ എന്നീ മൂന്ന് പാലങ്ങൾ ബലപ്പെടുത്തി കഴിഞ്ഞു. ബലപ്പെടുത്തേണ്ട പാലങ്ങളിൽ പഴയങ്ങാടി പാലത്തിന്റെ പ്രവൃത്തി കെ.എസ്.റ്റി.പി ആരംഭിച്ചിട്ടുണ്ട്. രാമപുരം പാലത്തിന് സമാന്തരമായി ഒരു പുതിയ പാലം കെ.എസ്.റ്റി.പി നിർമ്മിക്കുന്നുണ്ട്. പഴയ രാമപുരം പാലം ബലപ്പെടുത്തേണ്ടതായിട്ടുണ്ട്. പാലപ്പുഴ, പെരിങ്ങത്തൂർ, ചേട്ടക്കണ്ടി, നെല്ലിക്കപ്പാലം, പുച്ചേഡുക്കൽ, കണ്ണപുരം, പുന്നക്കടവ് എന്നീ 7 പാലങ്ങൾ ബലപ്പെടുത്തേണ്ടതുണ്ട്. ഇവയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ